**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2859** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ കോളേജ് അദ്ധ്യാപകരോടുള്ള സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സേവനവ്യവസ്ഥകളിൽ തുല്യരാണെന്ന് പറയപ്പെട്ടുമ്പോഴും സ്വാശ്രയ കോളേജുകളിലെ പരിചയം യോഗ്യതയായി പലയിടത്തും പരിഗണിക്കാറില്ല എന്നതിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (എ) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കു ന്നതിന് സർവ്വകലാശാല തലത്തിലോ സർക്കാർ തലത്തിലോ വ്യവസ്ഥാപിത സംവിധാനമില്ലാത്തതിനാൽ സ്വാശ്രയ കോളേജിലെ സേവനം യോഗ്യതയായി കണക്കാക്കാൻ നിലവിൽ സർക്കാരിന് പരിമിതികളുണ്ട്. |
| (ബി) | സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ പരിചയം യോഗ്യതയായി പരിഗണിക്കാവുന്നതല്ലേയെന്ന് അറിയിക്കുമോ; | (ബി) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കു ന്നതിന് സർവ്വകലാശാല തലത്തിലോ സർക്കാർ തലത്തിലോ വ്യവസ്ഥാപിത സംവിധാനമില്ലാത്തതിനാൽ സ്വാശ്രയ കോളേജിലെ സേവനം യോഗ്യതയായി കണക്കാക്കാൻ നിലവിൽ സർക്കാരിന് പരിമിതികളുണ്ട്. |
| (സി) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി. ക്ക് പ്രവേശനം നേടാനുള്ള അവസരം ലഭ്യമല്ലാത്തതിനാൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലയിലെ അഫിലി യേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കു പാർട്ട് ടൈം പി.എച്ച്.ഡി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സർവ്വകലാശാല പരിശോധിക്കുന്നുണ്ട്. |
| (ഡി) | സ്വാശ്രയ കോളേജ് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ്, സബ്ജക്ട് കമ്മിറ്റി എന്നിവയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (ഡി) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപ കരുടെ നിയമനത്തിന് അംഗീകാരം നൽകാൻ സർവ്വകലാശാല നിയമ ങ്ങളിൽ വ്യവസ്ഥയില്ല. ആയതിനാൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരെ സെനറ്റ്, സിണ്ടിക്കേറ്റ് എന്നിവയിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല. |
| (ഇ) | സർക്കാരിന്റെ നയം അനുകൂലമല്ലെങ്കിൽ എന്താണ് കാരണം; അനുകൂലമാണെങ്കിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ഇ) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപ കരുടെ നിയമനത്തിന് അംഗീകാരം നൽകാൻ സർവ്വകലാശാല നിയമ ങ്ങളിൽ വ്യവസ്ഥയില്ല. ആയതിനാൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരെ സെനറ്റ്, സിണ്ടിക്കേറ്റ് എന്നിവയിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ